# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3271**

**18/02/2013-ൽ**
**മറുപടിയ്ക്ക്**

### ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി മുഖേന നെല്ലിയാമ്പതിയിൽ നടപ്പാക്കുന്ന പദ്ധതികൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.വി. ചെന്താമരാക്ഷൻ** | **ശ്രീ.** കെ. സി. ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി മുഖേന നെല്ലിയാമ്പതി പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) ഹിൽ ഏരിയാ ഡവലപ്പ്മെന്റ് ഏജൻസി മുഖേന നെല്ലിയാമ്പതി പഞ്ചായത്തിൽ നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ് സ്കീം പ്രകാരമുള്ള റോഡ് പ്രവൃത്തികൾ, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതികൾ, ചെറിയ അരുവികളിൽ ചെക്ക്ഡാം നിർമ്മാണം എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഏറ്റെടുത്ത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അവ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ ; | (ബി) മേൽ സൂചിപ്പിച്ച പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി വരുകയാണ്. പ്രവൃത്തികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല. |
| (സി) പ്രസ്തുത പദ്ധതികൾ ക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ? | (സി) പ്രോജക്ട് തയ്യാറാക്കൽ പൂർത്തിയാക്കാത്തതിനാൽ തുക വകയിരുത്തിയിട്ടില്ല. |

Bijumon

സെക്ഷൻ ഓഫീസർ